ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

**Ref . 6900/IA&V .** **തീയ്യതി: 27.05.2023**

## സർക്കുലർ നമ്പർ : 21/2023 (ഐ.എ.& വി)

വിഷയം : ഒന്നിലധികം ബ്രാഞ്ചുകളിൽ ബാധ്യത സൃഷ്ടിച്ച് കുടിശ്ശിക വരുത്തുന്ന കസ്റ്റമേഴ്സിന്റെ വിവരങ്ങൾ സംബന്ധിച്ച് :-

സൂചന : 27.01.2023, 17.01.2023 തീയതികളിൽ അയച്ച **6900/IA&V/HO** നമ്പർ കത്ത്.

---

വർദ്ധിച്ചുവരുന്ന കുടിശ്ശിക ഏതൊരു സാമ്പത്തിക സ്ഥാപനത്തിനുമെന്നപോലെ കെ.എസ്.എഫ്.ഇ. യ്ക്കും ഭീഷണിയാണ്. ബാങ്കുകളടക്കമുള്ള ധനകാര്യ സ്ഥാപനങ്ങൾ ബിസിനസ്സിനോടൊപ്പമോ അതിലേറെയോ പ്രാധാന്യം കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾക്കും നിഷ്ക്രിയ ആസ്തികൾ ഇല്ലാതാക്കുന്നതിനും നൽകുന്നുണ്ടെന്ന് എല്ലാവർക്കും അറിയാവുന്നതുമാണ്.

കെ.എസ്.എഫ്.ഇ.യിലെ ചില കുടിശ്ശികക്കാർ, തങ്ങൾക്ക് കുടിശ്ശികയുള്ള ബ്രാഞ്ചിലെ കുടിശ്ശിക/ ബാധ്യത വിവരങ്ങൾ മറച്ചു വച്ചുകൊണ്ട് മറ്റൊരു ബ്രാഞ്ചിലെ ചിട്ടികളിൽ അംഗമാവുകയും, ആ ബ്രാഞ്ചിൽ നിന്നും വായ്പകൾ എടുക്കുകയും വീണ്ടും കുടിശ്ശിക വരുത്തുകയും ചെയ്തു കൊണ്ടുള്ള വഞ്ചനാപരമായ പ്രവർത്തികൾ നിരന്തരം ചെയ്തു വരുന്നതായും അത്തരക്കാരുടെ എണ്ണം ദിനംപ്രതി കൂടിവരുന്നതായും മനസിലാക്കുന്നു.കൂടാതെ,ഇത്തരത്തിൽ നിഷ്ക്രിയ ആസ്തികൾ ഗണ്യമായി വർദ്ധിക്കുകയും, അതുമൂലമുള്ള സാമ്പത്തിക നഷ്ടത്തിന്റെ തോത് വർദ്ധിച്ച് വരുന്നതായും കണ്ടെത്തുന്നു. എന്നാൽ, ഇപ്രകാരം മൾട്ടിപ്പിൾ ബാധ്യതകൾ സൃഷ്ടിക്കുന്നവരെ നിയന്ത്രിക്കുന്നതിനും കണ്ടെത്തുന്നതിനും നിലവിൽ CASBA സോഫ്റ്റ്‌വെയറിൽ മാർഗ്ഗങ്ങളില്ല. ഈ സഹചര്യത്തിൽ, ഇത്തരം വ്യക്തികളെ കണ്ടെത്തുന്നതിനായി ഒരു ടൂൾ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**https://ksfeit.com/IAMS/** എന്ന ലിങ്കിലൂടെ അപ്ലിക്കേഷനിൽ പ്രവേശിക്കാം. അതിൽ ബ്രാഞ്ചിന്റെ കോഡ് തന്നെ ലോഗിൻ id ആയും പാസ്‌വേഡ് ആയും നൽകിയാൽ വിശദാംശങ്ങൾ ലഭ്യമാകുന്ന പേജിലേക്ക് പ്രവേശിക്കാനാകും (ലോഗിൻ ചെയ്ത ശേഷം പാസ്‌വേഡ് മാറ്റേണ്ടതാണ്). ഈ അപ്ലിക്കേഷൻ വഴി ലഭ്യമാകുന്ന ഡേറ്റ, CASBA യിലെ ഒരു നിശ്ചിത തീയ്യതിയിലെ ഡേറ്റയാണ് (live data അല്ല). അതിനാൽ അക്കൗണ്ടുകളുടെ വിശദാംശങ്ങൾ CASBA യിലൂടെ തന്നെ പരിശോധിച്ചുറപ്പു വരുത്തേണ്ടതാണ്. എല്ലാ ബ്രാഞ്ചുകളും, ഏതു പേയ്മെന്റിനും മുമ്പായി ഈ അപ്ലിക്കേഷൻ വഴിയുള്ള പരിശോധന നടത്തി, അവർ മറ്റു ബ്രാഞ്ചുകളിൽ കുടിശ്ശികയില്ലാത്തവരാണെന്ന് ഉറപ്പാക്കേണ്ടതാണ്.

അപ്രകാരം നടത്തിയ പരിശോധനകളുടെ വിവരം ഒരു കുറിപ്പായി പേയ്മെന്റിന്റെ സ്ക്രൂട്ടിനി നോട്ടിൽ ചേർക്കേണ്ടതും കുടിശ്ശികക്കാരാണെങ്കിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പ്രസ്തുത വിഷയത്തിൽ അതീവ ജാഗ്രത പുലർത്തേണ്ടതും ബന്ധപ്പെട്ട നടപടികൾ സത്വരം സ്വീകരിക്കേണ്ടതുമാണ്.

**ഡോ.സനിൽ എസ്.കെ.**
**മാനേജിങ് ഡയറക്ടർ**

**To : എല്ലാ ശാഖാ തലവൻമാർക്കും**

പകർപ്പ് :

i. എല്ലാ മേഖല ഓഫീസുകൾക്കും
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി. ടീമുകൾക്കും / എല്ലാ പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
iv. എല്ലാ എസ്.ഡി.റ്റി. ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ

**അനുബന്ധം :** ഈ അപ്ലിക്കേഷൻ ഉപയോഗിക്കേണ്ടതെങ്ങനെയെന്ന കുറിപ്പ് ഇതോടൊപ്പം Annexure ആയി ചേർത്തിട്ടുണ്ട്.

# How to use the Application?

- Step-1

https://ksfeit.com/IAMS എന്ന (URL) ലിങ്കിലൂടെ അപ്ലിക്കേഷന്റെ ഹോം പേജിൽ പ്രവേശിക്കുക. ലോഗിൻ id യും പാസ്‌വേഡും നൽകി ലോഗിൻ ചെയ്യുക.




- Step-2


ചിത്രത്തിൽ കാണിച്ചിട്ടുള്ള 'താക്കോൽ' ഐക്കണിൽ ക്ലിക്ക് ചെയ്ത് പാസ്‌വേഡ് മാറ്റുക. അതിനുശേഷം 'Check Default Customers' എന്നതിൽ click ചെയ്യുക.



- Step-3

ഈ പേജിൽ 6 തരത്തിൽ “Search” സാധ്യമാണ്. എന്നാൽ ഒരു സമയം ഒരു മാനദണ്ഡം മാത്രം ഉപയോഗിച്ച് “Search” ചെയ്യുന്നതാണ് പ്രയോജനപ്പെടുക .

| | |
|---|---|
| Name | Type the first 3-4 characters and then click on “Search” Button. |
| Address | Type the first 3-4 characters and then click on “Search” Button. |
| Mobile Number | Enter the entire Mobile number- then click on “Search” Button. |
| PAN | Enter PAN- then click on “Search” Button |
| AADHAR | Enter Aadhar Number- then click on “Search” Button |
| BRANCH | Select the Branch - then click on “Search” Button |




Note:

search ബട്ടണിൽ click ചെയ്യുമ്പോൾ , വലിയ ഡേറ്റ ആണെങ്കിൽ അവ ഡിസ്പ്ലേ ആകാൻ 10-30 സെക്കൻഡുകൾ എടുക്കുന്നതാണ് . 'Search may take a few seconds ............. Please wait ' എന്ന ഒരു സന്ദേശം കാണാം. ‘OK’ click ചെയ്ത ശേഷം അല്പസമയത്തിനകം ഡേറ്റ ലഭ്യമാകും.

ഉദാഹരണം : Customer Name എന്നതിൽ "Sun " എന്ന് ടൈപ്പ് ചെയ്ത ശേഷം 'Search' click ചെയ്യുക. 'Sun' വെച്ച് തുടങ്ങുന്ന പേരുള്ള കുടിശ്ശികയുള്ള എല്ലാവരുടേയും വിവരങ്ങൾ ലഭ്യമാകും.

അതിനുശേഷം ചിത്രത്തിൽ കാണിച്ചിട്ടുള്ള 'ഫിൽറ്റർ ബാറിൽ' നമുക്കാവശ്യമായ വിവരങ്ങൾ ഫിൽറ്റർ ചെയ്യുന്നതിനായി, "വീട്ടുപേരിന്റെ ആദ്യ അക്ഷരങ്ങൾ", ബ്രാഞ്ച് , മൊബൈൽ നമ്പർ തുടങ്ങി ആവശ്യമായ വിവരങ്ങൾ ഓരോന്നായി ചേർത്ത് *(ഒരു സമയം ഒരു മാനദണ്ഡം)* തിരയുക . അതനുസരിച്ച് ഫിൽറ്റർ ചെയ്താണ് വിവരങ്ങൾ ലഭ്യമാകുക.

- ## ശ്രദ്ധിക്കുക

ഫിൽറ്റർ ഉപയോഗിക്കുമ്പോൾ ആദ്യ തിരച്ചിലിൽ ഡിസ്പ്ലേ ആയിട്ടുള്ള ഡേറ്റയെ അടിസ്ഥാനപ്പെടുത്തിയാണ് ഡേറ്റ *(ഫിൽറ്റർ ബോക്സിൽ നൽകുന്ന വിവരങ്ങൾ അനുസരിച്ചുള്ള)* ലഭ്യമാകുക. ടൈപ്പ് ചെയ്യുന്നതനുസരിച്ച് , മറ്റൊന്നും ചെയ്യാതെ തന്നെ ഫിൽറ്റർ നടക്കുന്നത് കാണാം.

നിലവിലെ data ക്ലിയർ ചെയ്ത ശേഷം 


ആവശ്യമെങ്കിൽ Serach വീണ്ടും തുടരാവുന്നതാണ്.

*"Filter condition -Clear "ക്ലിക്ക് ചെയ്താൽ നിലവിൽ ഡിസ്പ്ലേ ആയ എല്ലാ വിവരങ്ങളും ക്ലിയർ ആകുന്നതാണ് (ഫിൽറ്റർ മാത്രമല്ല ).*

.......................................................................................................................

*If you have queries, please call the Chief Manager, IA&V, at this number: 944-770-0050.*

IA&V